**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5096** **20-03-2025 - ൽ മറുപടിയ്ക്ക്**

**രേഖകൾ ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ലക്ഷ്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. യു. ആർ. പ്രദീപ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | റവന്യൂ വകുപ്പിൽ രേഖകൾ ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ പ്രധാന ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | റവന്യൂ വകുപ്പിൽ രേഖകൾ ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ പ്രധാന ലക്ഷ്യങ്ങൾ ചുവടെ പറയുന്നു.<br><br>1. കാര്യക്ഷമമായ സേവന വിതരണം:- ഡിജിറ്റലൈസേഷൻ വഴിയുള്ള പ്രക്രിയകളുടെ ഓട്ടോമേഷൻ ഭരണപരമായ ജോലികൾ കാര്യക്ഷമമാക്കുന്നു. ഇത് സർട്ടിഫിക്കറ്റുകൾ, ഭൂരേഖകൾ, മറ്റ് പ്രാദേശിക സേവനങ്ങൾ എന്നിവ പോലുള്ള പൊതു സേവനങ്ങളുടെ കൂടുതൽ കാര്യക്ഷമമായ വിതരണത്തിലേക്ക് നയിക്കുന്നു.<br><br>2. സാമ്പത്തിക മാനേജ്മെന്റ്:- സാമ്പത്തിക ഇടപാടുകൾ കൂടുതൽ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനും, അഴിമതിക്കും സാമ്പത്തിക ദുരുപയോഗത്തിനും ഉള്ള സാധ്യത കുറയ്ക്കുന്നതിനും ഡിജിറ്റൈസേഷൻ സഹായിക്കും.<br><br>3. ഇ-ഗവേണൻസ് സംരംഭങ്ങൾ:- വില്ലേജുകളിൽ ഇ-ഗവേണൻസ് സംരംഭങ്ങൾ നടപ്പിലാക്കുന്നത് കാര്യക്ഷമമായ പ്രവർത്തനക്രമം, മെച്ചപ്പെട്ട റെക്കോർഡ് സൂക്ഷിക്കൽ, ഭരണ പ്രക്രിയകളിലെ കാര്യക്ഷമത എന്നിവയിലേക്ക് നയിക്കും.<br><br>4. മെച്ചപ്പെടുത്തിയ പ്രവേശനക്ഷമത:- ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെയുള്ള വിവരങ്ങളും സേവനങ്ങളും പൊതു ജനങ്ങൾക്ക് കൂടുതൽ എളുപ്പത്തിൽ ഉപയോഗിക്കുന്നതിന് സാധിക്കും. കൂടാതെ, വിവിധ റവന്യൂ കാര്യാലയങ്ങൾ വഴി വേഗത്തിൽ സേവനങ്ങൾ ലഭ്യമാക്കുന്നതിന് സാധിക്കുന്നു.<br><br>5. സുതാര്യതയും ഉത്തരവാദിത്തവും:- തീരുമാനങ്ങൾ, ഇടപാടുകൾ, ചെലവുകൾ എന്നിവയുടെ വ്യക്തമായ രേഖ നൽകുന്നതിലൂടെ ഡിജിറ്റൈസേഷൻ സുതാര്യത |

| | | | |
|---|---|---|---|
| | | | വർദ്ധിപ്പിക്കുന്നു. ഇത് വില്ലേജുകളുടെ ഉത്തരവാദിത്തം വർദ്ധിപ്പിക്കുന്നതിന് കാരണമാകുന്നു.<br><br>6. റിസോഴ്‌സ് ഒപ്റ്റിമൈസേഷൻ:-ഡിജിറ്റൽ ഉപകരണങ്ങളുടെ കാര്യക്ഷമമായ ഉപയോഗം വിഭവങ്ങൾ ഒപ്റ്റിമൈസ് ചെയ്യാനും, പേപ്പർവർക്കുകൾ കുറയ്ക്കാനും, തദ്ദേശ ഭരണ പ്രവർത്തനങ്ങളുടെ മൊത്തത്തിലുള്ള ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനും സഹായിക്കും.<br><br>7. സമഗ്ര വികസനം:- വിദൂര പ്രദേശങ്ങളിലോ ഗ്രാമപ്രദേശങ്ങളിലോ ഉള്ളവർ ഉൾപ്പെടെ, ജനസംഖ്യയിലെ എല്ലാ വിഭാഗങ്ങൾക്കും വിവരങ്ങളും സേവനങ്ങളും ലഭ്യമാണെന്ന് ഉറപ്പാക്കുന്നതിലൂടെ ഡിജിറ്റൈസേഷൻ കൂടുതൽ സമഗ്ര വികസനത്തിന് സംഭാവന നൽകാൻ കഴിയും. |
| (ബി) | ഡിജിറ്റലൈസേഷൻ പ്രവർത്തനങ്ങൾ ഏതൊക്കെ ഘട്ടങ്ങളായാണ് നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | റവന്യൂ വകുപ്പിലെ ഭൂമിയുമായി ബന്ധപ്പെട്ട BTR, തണ്ടപ്പേർ എന്നീ രേഖകൾ എല്ലാം തന്നെ പൂർണമായും ഡിജിറ്റലൈസ് ചെയ്തിട്ടുള്ളതാണ്. കൂടാതെ, വില്ലേജുകളിലെ എല്ലാ അക്കൗണ്ടുകളും രജിസ്റ്ററുകളും പൂർണമായും ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ അന്തിമ ഘട്ടത്തിലുമാണ്.<br><br>ഡിജിറ്റൈസ് ചെയ്ത ഡാറ്റ വിവിധ വെബ് പോർട്ടലുകൾ വഴി പൊതു ജനങ്ങൾക്ക് നൽകി വരുന്ന സേവനങ്ങൾക്കായി ഉപയോഗിച്ച് വരുന്നതോടൊപ്പം, മറ്റ് വകുപ്പുകൾക്ക് API മുഖേന ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്.<br><br>റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട് എല്ലാ സേവനവിവരങ്ങളും ഡിജിറ്റലൈസ് ചെയ്തിട്ടുള്ളതാണ്. ആയതു വഴി പൊതു സ്ഥലം മാറ്റം പൂർണമായും ഓൺലൈൻ ആയി നടത്തി വരുന്നുണ്ട്, കൂടാതെ പൊതുവായ ഡാറ്റ ഉപയോഗിച്ച് കൊണ്ട് സിംഗിൾ സൈൻ ഓൺ പദ്ധതി കൂടി പ്രാവർത്തികമാക്കി വരുന്നുണ്ട്. |
| (സി) | ഡിജിറ്റലൈസ് ചെയ്ത രേഖകൾ എങ്ങനെയാണ് സൂക്ഷിക്കുന്നത്; അവയുടെ സുരക്ഷ ഉറപ്പാക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ; | (സി) | 1. സ്റ്റേറ്റ് ഡാറ്റ സെന്റർ മുഖേന ലഭ്യമാക്കിയിട്ടുള്ള ക്ലൗഡ് സെർവർ സംവിധാനം വഴിയും, AWSക്ലൗഡ് സ്റ്റോറേജ് സംവിധാനം വഴിയും, രേഖകളുടെ ഡിജിറ്റൽ രൂപങ്ങൾ സൂക്ഷിക്കുന്നുണ്ട്.<br><br>2. സുരക്ഷയും ആക്സസ് നിയന്ത്രണവും:- ശക്തമായ password, captcha, ടു ഫാക്ടർ authentication തുടങ്ങിയ ആക്സസ് നിയന്ത്രണങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. എല്ലാ വെബ് പോർട്ടലുകളും സെക്യൂരിറ്റി ഓഡിറ്റ് സമയാസമയം നടത്തിയതിനു ശേഷമാണ് സെർവറിൽ ഹോസ്റ്റ് |

| | | | |
|---|---|---|---|
| | | | ചെയ്യുന്നതും പൊതു ജനങ്ങളുടെ ഉപയോഗത്തിനായി തുറന്നു കൊടുക്കുന്നതും. |
| (ഡി) | ഓൺലൈൻ പോർട്ടലിലൂടെ ലഭ്യമാകുന്ന സേവനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ഡി) | റവന്യൂ വകുപ്പിന്റെ സേവനങ്ങൾ ജനങ്ങളിലേക്ക് വേഗത്തിൽ എത്തിക്കുവാനായി റവന്യൂ വകുപ്പ് വിവിധ വെബ് അധിഷ്ഠിത പോർട്ടലുകൾ തയ്യാറാക്കിയിട്ടുണ്ട്. അപ്രകാരം സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിൽ നിന്ന് നൽകിവരുന്ന എല്ലാ സേവനങ്ങൾക്കും ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>1. www.revenue.kerala.gov.in എന്ന പോർട്ടൽ മുഖേന പൊതു ജനങ്ങൾക്കായി താഴെ പറയുന്ന സേവനങ്ങൾ നൽകി വരുന്നു<br><br>• ഭൂ നികുതി ഒടുക്കൽ<br>• കെട്ടിട നികുതി ഒടുക്കൽ<br>• അധിക നികുതി ഒടുക്കൽ<br>• റവന്യൂ റിക്കവറി ഡിജിറ്റൽ പേയ്മെന്റ്<br>• പോക്കുവരവ്<br>• ഭൂമി - ആധാർ ലിങ്കിംഗ്<br>• ഓൺലൈൻ ആയി ബി ടി ആർ പകർപ്പ്, തണ്ടപ്പേർ പകർപ്പ്, ലൊക്കേഷൻ സ്കെച്ച്, FMB പകർപ്പ് എന്നിവക്കായി അപേക്ഷിക്കാം<br>• തരം മാറ്റം<br>• സിംഗിൾ വിൻഡോ ക്ളിയറൻസ് ലഭിച്ച തരം മാറ്റം അപേക്ഷകളിൽ ഗോൾഡൻ സീനിയോറിറ്റി<br>• പത്ത് വിദേശ രാജ്യങ്ങളിൽ നിന്നും ഈ പോർട്ടൽ മുഖേന ഭൂമി സംബന്ധമായ സേവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.<br><br>2. RR Digital Payment - rr.kerala.gov.in and revenue.kerala.gov.in<br><br>3. Revenue e-Services Mobile App<br><br>4. EMR (Electronic Mortgage Recorder) (www.emr.kerala.gov.in)<br><br>EMR മാർകിങ് പേയ്മെന്റ്<br><br>EMR റിലീസിംഗ് പേയ്മെന്റ്<br><br>5. https://landrevenue.kerala.gov.in, www.lrd.kerala.gov.in എന്നീ പോർട്ടലുകൾ മുഖേന താഴെ പറയുന്ന സേവനങ്ങൾ നൽകി വരുന്നു<br><br>കെട്ടിട നികുതി അസ്സെസ്സ്മെന്റ്<br><br>കെട്ടിട നികുതി അപ്പീൽ |

| | | | |
|---|---|---|---|
| | | | സോഷ്യൽ സെക്യൂരിറ്റി പെൻഷൻ (leprosy, TB, കാൻസർ)<br><br>റിലീഫ് - പ്രകൃതിക്ഷോഭം, കോവിഡ്-19 എക്സ് ഗ്രേഷ്യ, എൻഡോസൾഫാൻ, കോവിഡ് BPL പെൻഷൻ<br><br>അലെർട് - അനധികൃതമായ ഭൂമി കയ്യേറ്റം, മണൽ വാരൽ എന്നിവ റിപ്പോർട്ട് ചെയ്യുന്നതിനായി<br><br>റവന്യൂ മിത്രം - പൊതുജനങ്ങൾക്കു റവന്യൂ വകുപ്പ് മന്ത്രി മുമ്പാകെ നേരിട്ട് പരാതി സമർപ്പിക്കുന്നതിനുള്ള സംവിധാനം.<br><br>പരാതി - പൊതു ജനങ്ങൾക്ക് ഏതൊരുദ്യോഗസ്ഥനെയും കുറിച്ച് പരാതി നല്കുന്നതിനുള്ള സംവിധാനം<br><br>പ്രവാസി മിത്രം - സംസ്ഥാനത്തിന് പുറത്ത് താമസിക്കുന്ന കേരളീയർക്കായി പരാതി സമർപ്പിക്കുന്നതിനുള്ള സംവിധാനം<br><br>6. E-District Portal<br><br>ഈ പോർട്ടൽ വഴി റവന്യൂ വകുപ്പ് 23 വിവിധ സാക്ഷ്യപത്രങ്ങൾ നൽകി വരുന്നു.<br><br>അപേക്ഷകൾ അധികമായി വരുന്ന സാഹചര്യങ്ങളിൽ സ്പെഷ്യൽ അദാലത്തുകൾ നടത്തി സമയബന്ധിതമായി സേവനങ്ങൾ ലഭ്യമാക്കുവാനുള്ള നടപടികൾ നടന്നു വരുന്നുണ്ട്. |
| (ഇ) | പ്രസ്തുത പദ്ധതി പൂർത്തിയാകുന്നതോടെ എന്തൊക്കെ മാറ്റങ്ങളാണുണ്ടാകുന്നതെന്ന് അറിയിക്കുമോ? | (ഇ) | ഡിജിറ്റലൈസേഷൻ വഴിയുള്ള പ്രക്രിയകളുടെ ഓട്ടോമേഷൻ ഭരണപരമായ ജോലികൾ കാര്യക്ഷമമാക്കുന്നു. ഇത് സർട്ടിഫിക്കറ്റുകൾ, ഭൂരേഖകൾ, മറ്റ് പ്രാദേശിക സേവനങ്ങൾ എന്നിവ പോലുള്ള പൊതു സേവനങ്ങളുടെ കൂടുതൽ കാര്യക്ഷമമായ വിതരണത്തിലേക്ക് നയിക്കുന്നു. സാമ്പത്തിക ഇടപാടുകൾ കൂടുതൽ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനും, അഴിമതിക്കും സാമ്പത്തിക ദുരുപയോഗത്തിനും ഉള്ള സാധ്യത കുറയ്ക്കുന്നതിനും ഡിജിറ്റൈസേഷൻ സഹായിക്കും. വില്ലേജുകളിൽ ഇ-ഗവേണൻസ് സംരംഭങ്ങൾ നടപ്പിലാക്കുന്നത് കാര്യക്ഷമമായ പ്രവർത്തനക്രമം, മെച്ചപ്പെട്ട റെക്കോർഡ് സൂക്ഷിക്കൽ, ഭരണ പ്രക്രിയകളിലെ കാര്യക്ഷമത എന്നിവയിലേക്ക് നയിക്കും. ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെയുള്ള വിവരങ്ങളും സേവനങ്ങളും പൊതു ജനങ്ങൾക്ക് കൂടുതൽ എളുപ്പത്തിൽ ഉപയോഗിക്കുന്നതിന് സാധിക്കും. തീരുമാനങ്ങൾ, ഇടപാടുകൾ, ചെലവുകൾ |

| | | | |
|---|---|---|---|
| | | | എന്നിവയുടെ വ്യക്തമായ രേഖ നൽകുന്നതിലൂടെ ഡിജിറ്റൈസേഷൻ സുതാര്യത വർദ്ധിപ്പിക്കുന്നു. ഡിജിറ്റൽ ഉപകരണങ്ങളുടെ കാര്യക്ഷമമായ ഉപയോഗം വിഭവങ്ങൾ ഒപ്റ്റിമൈസ് ചെയ്യാനും, പേപ്പർവർക്കുകൾ കുറയ്ക്കാനും സാധിക്കും. വിദൂര പ്രദേശങ്ങളിലോ ഗ്രാമപ്രദേശങ്ങളിലോ ഉള്ളവർ ഉൾപ്പെടെ, ജനസംഖ്യയിലെ എല്ലാ വിഭാഗങ്ങൾക്കും വിവരങ്ങളും സേവനങ്ങളും ലഭ്യമാണെന്ന് ഉറപ്പാക്കുന്നതിലൂടെ ഡിജിറ്റൈസേഷൻ കൂടുതൽ സമഗ്ര വികസനത്തിന് സംഭാവന നൽകാൻ കഴിയും |

സെക്ഷൻ ഓഫീസർ